Draft #9 of File 19436/EI38 S.O./2019/EI 38 Approved by ASSISTANT REGISTRAR IV (ACADEMIC) on 13-Mar-2020 04:46 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

## മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**<u>സംഗ്രഹം</u>**

സ്വയംഭരണ കോളേജുകളിലെ വിവിധ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് പ്രവേശനം ലഭിച്ച 2019-ൽ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ പരീക്ഷ സംബന്ധമായ വിഷയങ്ങളിൽ നിലനിൽക്കുന്ന പൊതുവായ പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് നിയമിതമായ അന്വേഷണ കമ്മീഷൻ, അതോടൊപ്പം അക്കാദമിക വിഭാഗത്തിലെ പ്രശ്നങ്ങളും, ഓരോ സ്വയംഭരണ കോളേജിലും പ്രത്യേകമായി നിലനിൽക്കുന്ന പ്രശ്നങ്ങളും, പ്രിൻസിപ്പൽമാരുമായി ചർച്ച ചെയ്ത യോഗത്തെ തുടർന്ന് സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി / സെക്ഷൻ**

നമ്പർ. 1581/AC B 7/2020/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 16.03.2020

---

*പരാമർശം:*-1) 25/10/2019-ലെ 5136/EI 38/2019/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവ്
2) 15/02/2020-ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നമ്പർ 132/20.01/DDFS/19436/EI38 S.O./2019

**<u>ഉത്തരവ്</u>**

സ്വയംഭരണ കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രവേശന യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പരിശോധന, ടാബുലേഷൻ രജിസ്റ്റർ സമർപ്പണം, പ്രൊവിഷണൽ/ ഡിഗ്രി സർട്ടിഫിക്കറ്റുകളുടെ വിതരണം തുടങ്ങിയ കാര്യങ്ങൾ സമയബന്ധിതവും കൂടുതൽ കാര്യക്ഷമവുമാക്കുന്നതിനായി ടി വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ.എ.ജോസ്, പ്രൊഫ.ടോമിച്ചൻ ജോസഫ് എന്നിവരെ നിയോഗിച്ചുകൊണ്ട് പരാമർശം-1 സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം നിയമിതമായ സമിതി ടി വിഷയവും അതോടൊപ്പം അക്കാദമിക വിഭാഗത്തിലെ പ്രശ്നങ്ങളും, ഓരോ സ്വയംഭരണ കോളേജുകളിലും പ്രത്യേകമായി നിലനിൽക്കുന്ന പ്രശ്നങ്ങളും സംബന്ധിച്ച് സ്വയംഭരണ കോളേജുകളിലെ പ്രിൻസിപ്പൽമാരുമായി 08/11/2019-ന് രാവിലെ 11 മണിക്ക് സർവ്വകലാശാല സിൻഡിക്കേറ്റ് ഹാളിൽ വച്ച് ചർച്ച നടത്തുകയുണ്ടായി. ടി ചർച്ചയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത കമ്മീഷൻ അംഗങ്ങൾ റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. പരാമർശം-2 പ്രകാരം സിൻഡിക്കേറ്റ് യോഗം നിർദ്ദേശങ്ങൾ പരിശോധിക്കുകയും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം നിയമിതമായ അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് അംഗീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

എന്നാൽ പരാമർശം-2 പ്രകാരമുള്ള മിനിറ്റ്സിൽ പരാമർശം-1 ഉത്തരവിന്റെ തീയതി 25/02/2019 എന്നതിന് പകരം 05/10/2019 എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നു. ടി മിനിറ്റ്സിലെ പിശക് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുവാൻ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 3 വകുപ്പ് 10 (17) പ്രകാരം ബഹു.വൈസ് ഉത്തരവായിരിക്കുന്നു.

തദനുസരണം പരാമർശം-2 സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സിലെ പിശക് തിരുത്തി കൊണ്ടും പരാമർശം-1 പ്രകാരം നിയമിതനായ അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നത് അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2) രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3) സ്വയംഭരണ കോളേജ് പ്രിൻസിപ്പൽമാർ
4) മെമ്പർ സെക്രട്ടറി & പ്രിൻസിപ്പൽ സെക്രട്ടറി , ഓട്ടോണോമി അപ്പ്രൂവൽ കമ്മിറ്റി
5) ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
6) ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
7) അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
8) എസി.സി. സെക്ഷൻ/പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യു.എ.സി.
9) ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ/ഇ.ഐ.39സെക്ഷൻ
10) സ്റ്റോക് ഫയൽ/ റെക്കോർഡ്സ് / ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #9 of File 19436/EI38 S.O./2019/EI 38 Approved by ASSISTANT REGISTRAR IV (ACADEMIC) on 13-Mar-2020 04:46 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**<u>അന്വേഷണ കമ്മീഷൻ റിപ്പോർട്ട്</u>**

1. സ്വയംഭരണ കോളേജുകളിൽ ഇനി ഒരു U G പാഠ്യപദ്ധതി പരിഷ്കരണം വരുന്ന മുറയ്ക്ക് സർവ്വകലാശാലയിൽ നിലനിൽക്കുന്ന പാഠ്യപദ്ധതിക്ക് സമാനമായി ഓട്ടോണമി ആക്ട് സെക്ഷൻ 118 അനുശാസിക്കുന്ന രീതിയിൽ ഉള്ള സമാനതകൾ ഉണ്ടായിരിക്കേണ്ടതാണ്.

2. 2019 PG CSS-ലെ റഗുലേഷൻ പ്രകാരം സ്വയംഭരണ കോളേജുകൾ ഓട്ടോണമി ആക്ട് അനുശാസിക്കുന്ന രീതിയിൽ സ്വയംഭരണ കോളേജുകളിലെ റഗുലേഷൻ 2020-'21 വർഷം മുതൽ സമാനമാക്കേണ്ടതാണ്.

3. നാമമാത്ര സീറ്റ് വർദ്ധനവ്, സ്ഥിരം സീറ്റ് വർദ്ധനവ് എന്നിവയിൽ അഫിലിയേറ്റഡ് കോളേജുകൾക്ക് ബാധകമായ നിബന്ധനകൾ സ്വയംഭരണ കോളേജുകൾക്കും ബാധകമാണ്.

4. പുതിയ പ്രോഗ്രാം സ്വയംഭരണ കോളേജുകളിൽ ആരംഭിക്കുന്നതിൽ നിർദ്ദിഷ്ട ഫോറത്തിൽ ആഗസ്റ്റ് 31-ന് മുൻപ് അപേക്ഷിക്കേണ്ടതും സർവ്വകലാശാല അടുത്ത മെയ് 31-ന് മുൻപ് പ്രസ്തുത അപേക്ഷയിൽ തീരുമാനം എടുക്കേണ്ടതും ആണ്.

5. വിവിധ പ്രോഗ്രാമുകൾക്കുള്ള കുറഞ്ഞ പ്രവേശന യോഗ്യത, ഓട്ടോണോമി ആക്ട് സെക്ഷൻ 118 അനുസരിച്ച് സർവ്വകലാശാല റഗുലേഷനു വിധേയമായി സ്വയംഭരണ കോളേജ് തയ്യാറാക്കുന്ന റഗുലേഷനനുസരിച്ച് നിശ്ചയിക്കാവുന്നതാണ്.

6. Tabulation Register റിസൾട്ട് പ്രഖ്യാപിച്ച് രണ്ടു ദിവസത്തിനകം ഓൺലൈനിൽ സമർപ്പിക്കാവുന്നതും രണ്ടാം തവണ Grace Mark-കളും Revaluation Change എന്നിവ ഉൾപ്പെടുത്തി 30 ദിവസത്തിനകം ഫൈനൽ Tabulation Register സമർപ്പിക്കേണ്ടതും ആണ്.

7. Business Incubation Centre-കൾക്ക് സർവ്വകലാശാല അനുമതി ആവശ്യമല്ല.

8. നിലവിലുള്ള QC Verification ചാർജ് അഡ്മിഷൻ പൂർത്തിയാക്കി15 ദിവസത്തിനകം സ്വയംഭരണ കോളേജുകൾ അടക്കേണ്ടതും ആയതിന്റെ കുടിശിക 2020 മാർച്ച് 31നകം അടക്കേണ്ടതുമാണ്.